# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1269 06.02.2020-ൽ മറുപടി നൽകേണ്ടത്.

**കണ്ണൂർ ജില്ല എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ്**

| | ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴെന്നും ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 12.07.2018-ൽ ആണ്. ഇതുവരെ 37 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | ഇപ്പോൾ നിലവിൽ 11 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 6 ഒഴിവുകൾ തസ്തികമാറ്റം മുഖാന്തിരമുള്ള നിയമനങ്ങൾക്കാണ്. |
| (സി) | പ്രസ്തുത വിഷയത്തിന് തസ്തികമാറ്റം വഴിയുള്ള ലിസ്റ്റ് നിലവിലുണ്ടോ; | (സി) & (ഡി) | നിലവിൽ തസ്തികമാറ്റം മുഖാന്തിരമുള്ള നിയമനത്തിനുള്ള ലിസ്റ്റ് ഇല്ല. എന്നാൽ പ്രസ്തുത വിഭാഗത്തിൽ 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ